36 (1485) പേഷ്യന്റ് എംപ്ലോയീസിന്റെ ശമ്പളം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ജീവനക്കാരുടെ 25.11.98 ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ കുഷ്ഠരോഗാശുപത്രിയിലെ പേഷ്യന്റ് എംപ്ലോയീസിന് വർദ്ധിപ്പിച്ച ഫിക്സഡ് അലവൻസിന്റെ കുടിശ്ശിക ക്യാഷായി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

37 (1486) ആശ്രിതന് ജോലി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഡ്രൈവറായി ജോലി ചെയ്തിരുന്ന ശ്രീ. എം.ദാസൻ സർവീസിലിരിക്കെ മരണപ്പെട്ടതിനാൽ ആശ്രിതർക്ക് ജോലി ലഭിക്കുന്ന പദ്ധതി അനുസരിച്ച് മകൻ ശരത്ഗീഷ്സിംഗിന് ജോലി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയുടെ തീയതി അറിയിക്കുമോ;

(സി) ജോലി ലഭിക്കുന്നതിനാവശ്യമായ ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതേവരെ സർക്കാർ ഉത്തരവ് നൽകാത്തതെന്ന് വിശദമാക്കുമോ;

(ഡി) അപേക്ഷകന് എത്രയും വേഗം ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 17.6.1996

(സി)&(ഡി) ലോവർ ഡിവിഷൻ ക്ളാർക്ക് നിയമനമാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നത്. എക്സൈസ് വകുപ്പിൽ പ്രസ്തുത തസ്തിക ഇല്ലാത്തതിനാൽ ഇതരവകുപ്പുകളിൽ എൽ.ഡി. ക്ളാർക്ക് തസ്തികയിൽ അപേക്ഷകനെ നിയമിക്കുന്നതിനാവശ്യമായ ഒഴിവ് വയനാട് ജില്ലയിൽ അനുവദിച്ചുകിട്ടുന്നതിലേക്കായി പൊതുഭരണ (സമാശ്വാസതൊഴിൽദാനസെൽ) വകുപ്പിനോടാവശ്യപ്പെട്ടിരിക്കുകയാണ്. അപ്രകാരം ഒഴിവ് അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് മാത്രമേ ശ്രീ. ശരത്ഗീഷ്സിംഗിന് സമാശ്വാസ തൊഴിൽദാന പദ്ധതി അനുസരിച്ച് നിയമന ഉത്തരവ് നൽകാനാകൂ.

38 (1487) എൽ.പി.ജി ഗ്യാസ് സിലിണ്ടറുകൾക്ക് ചുമത്തുന്ന എൻട്രി ടാക്സ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിന് പുറത്തുനിന്നും ബോട്ടിലിംഗ് കഴിഞ്ഞുവരുന്ന എൽ.പി.ജി. ഗ്യാസ് സിലിണ്ടറുകൾക്ക് ഇപ്പോൾ ചുമത്തുന്ന എൻട്രി ടാക്സ് കേരള സർക്കാർ ചുമത്തുന്നുണ്ടോ;

(ബി) എങ്കിൽ ഇത് കേരളത്തിലെ എൽ.പി.ജി. റീഫിൽ സപ്ലൈക്ക് ദോഷം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോയമ്പത്തൂരിലേക്കും മാംഗ്ലൂരിലേക്കും റീഫിൽ ബോട്ടിലിംഗ് യൂണിറ്റുകളുള്ള കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ റീഫിൽ സിലിണ്ടറുകൾക്ക് ഇത്തരത്തിൽ നിലവിലുള്ള എൻട്രി ടാക്സ് പിൻവലിക്കുന്നതിന് നടപടികൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) എൽ.പി.ജി ഗ്യാസിന് സംസ്ഥാനത്ത് എൻട്രി ടാക്സ് ചുമത്തുന്നില്ല.

39 (1488) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വസ്തുക്കൾക്ക് നികുതിയിളവ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിന് അനുപേക്ഷണീയമായ നൈലോൺ, സിന്തറ്റിക്, പരുത്തിവലകളേയും വടം, ചൂണ്ട, ഫ്ളോട്ട്, സിങ്കർ എന്നിവയേയും മനുഷ്യനിർമ്മിതവസ്തുക്കൾ എന്ന നിർവചനത്തിൽപ്പെടുത്തുകയും വില്പന നികുതിയിൽനിന്ന് ഒഴിവാക്കുകയും ചെയ്യുന്ന കാര്യം പരിശോധിക്കുമോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ശോച്യാവസ്ഥ പരിഗണിച്ച് അവയേയും തടികൊണ്ട് നിർമ്മിച്ച മത്സ്യബന്ധനയാനങ്ങളേയും വില്പനനികുതിയിൽ നിന്ന് ഒഴിവാക്കുകയോ സെയിൽസ് ടാക്സ് റൂൾസ് എൻട്രി 89 പ്രകാരം നികുതിനിരക്ക് നാമമാത്രമായി ചുരുക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) മത്സ്യബന്ധന ഉപകരണങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മത്സ്യഫെഡ് സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്.

40 (1489) സ്വകാര്യ ചിട്ടികൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യചിട്ടി നടത്തിപ്പുകാർ പൊതുജനങ്ങളെ കബളിപ്പിച്ച് ചിട്ടിസ്ഥാപനങ്ങൾ പൂട്ടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെറിയ വരുമാനശ്രേണിയിലുള്ള വ്യാപാരികൾക്ക് ദിവസേന പണമടയ്ക്കാവുന്ന ചിട്ടികളാരംഭിക്കാനും, ചിട്ടിതവണകൾ ഇവരുടെ സ്ഥാപനങ്ങളിൽ ചെന്ന് പിരിച്ചെടുക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുവാനും കഴിയുന്നതരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly